# സ്വാതന്ത്ര്യദിന സ്വതന്ത്രചിന്തകൾ........

**ബാബു പാലത്തുംപാട്ട്**

1947 ആഗസ്റ്റ് 14 - അർദ്ധരാത്രിയിൽ ഇന്ത്യ സ്വതന്ത്രമായി.
വീണ്ടും വർഷങ്ങൾ കഴിഞ്ഞ് ഞാൻ ജനിച്ചു.
ഞാൻ ജനിച്ചത് അർദ്ധരാത്രിയിലല്ല.
സ്വാതന്ത്ര്യം എന്നുവെച്ചാൽ എന്താണെന്നോ, ഇന്ത്യ സ്വതന്ത്രമാണെന്നോ, ഇന്ത്യ എന്താണെന്നോ ഒന്നും അന്ന് സ്വതന്ത്ര ഇന്ത്യയിൽ ജനിച്ചുവീണ എനിക്കറിയില്ലായിരുന്നു.
എനിക്ക് സ്വാതന്ത്ര്യം ഉണ്ടോ ഇല്ലയോ, എന്നൊന്നും ചിന്തിക്കാൻ മെനക്കെടാതെ ഞാൻ വിശക്കുമ്പോൾ കരയുകയും ഉറക്കം വരുമ്പോൾ ഉറങ്ങുകയും ചെയ്തു.
കിടക്കുന്നത് പാളയിലായാലും പായയിലായാലും, തൊട്ടിലിലായാലും കട്ടിലിലായാലും, ഇരിക്കുന്നത് എളിയിലായാലും മടിയിലായാലും അതൊന്നും കാര്യമാക്കാതെ വേണമെന്നു തോന്നിയപ്പോഴൊക്കെ ഞാൻ മല മൂത്രവിസർജ്ജനങ്ങൾ നടത്തി.
കമഴ്ന്നു വീഴാനും മുട്ടിലിഴയാനും ഞാൻ ആരുടേയും അനുവാദം ചോദിച്ചില്ല.
രണ്ടു കാലിൽ നിന്നു തുടങ്ങിയപ്പോഴും, രണ്ടു കാലിൽ നടക്കാൻ ശ്രമിച്ചപ്പോഴും "എടാ കൊച്ചേ, നീ വീഴും" "വീഴുരുതേ മോനെ" എന്നൊക്കെ പലരും മുന്നറിയിപ്പുകൾ തന്നു.
രണ്ടുകാലിൽ ഒരുവിധം നടന്നുതുടങ്ങിയപ്പോൾ, "അവിടെ പോകരുത്", "അതിൽ തൊടരുത്", "അത് എടുക്കരുത്", തുടങ്ങിയ വിലക്കുകളും, "വാടാ ഇവിടെ", "അവിടെ ഇരിക്കെടാ",.....തുടങ്ങിയ ആജ്ഞകൾ കൂടി.
ആജ്ഞകളും വിലക്കുകളും സ്വാതന്ത്ര്യമില്ലായ്മയുടെ ലക്ഷണങ്ങളായി എന്റെ കുഞ്ഞു മനസ്സിനുപോലും തോന്നി. എന്റെ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്നു എന്നു തോന്നിയപ്പോഴൊക്കെ ഞാൻ തറയിൽ ഉരുണ്ടു- വീണു കിടന്ന്, കൈകാലുകളിട്ടടിച്ചും കരഞ്ഞുബഹളമുണ്ടാക്കിയും സ്വാതന്ത്ര്യത്തിനായി സമരം ചെയ്തു.
എഴുത്താശാന്റെ മുൻപിലും എൽ.പി. സ്കൂളിലും വിലക്കുകൾ കൂടി. പക്ഷേ, അവിടെയൊന്നും എന്റെ സ്വാതന്ത്ര്യസമരങ്ങൾ നടപ്പിലാക്കാനായില്ല. നടപ്പിലാക്കാൻ ശ്രമിച്ചാലും പ്രയോജനമുണ്ടാകുമായിരുന്നില്ല.
L.P, U.P. ആയും U.P., H.S. ആയും വളർന്നു.
L.P- യിൽ നിന്നും H.S- ലേക്ക് ഞാനും വളർന്നു. എനിക്ക് സ്വാതന്ത്യം കൂടി എന്ന തോന്നൽ ഉണ്ടായി. യു.പി, ഹൈസ്കൂൾ ക്ലാസ്സുകളിലെ സാമൂഹ്യപാഠപുസ്തകങ്ങളിലൂടെ ഇന്ത്യൻ സ്വാതന്ത്ര്യ സമരം, അമേരിക്കൻ സ്വാതന്ത്ര്യ സമരം തുടങ്ങിയ സ്വാതന്ത്ര്യ സമരങ്ങളെപ്പറ്റി മാത്രമല്ല, ഫ്രഞ്ച് വിപ്ലവം, റഷ്യൻ വിപ്ലവം തുടങ്ങിയ വിപ്ലവങ്ങളെപ്പറ്റിയും ഞാൻ പഠിച്ചു.
കോളേജ് വിദ്യാഭ്യാസകാലത്ത് ജനാധിപത്യം, എകാധിപത്യം, സ്വേച്ഛാധിപത്യം തുടങ്ങിയ "പത്യ"ങ്ങളെ-പ്പറ്റിയും ഫാസിസം, നാസിസം, കമ്മ്യൂണിസം തുടങ്ങിയ "ഇസ" ങ്ങളെപ്പറ്റിയും ഞാൻ കൂടുതൽ മനസ്സിലാക്കി.
"സമര - വിപ്ലവ - പത്യ- ഇസ" ങ്ങളെപ്പറ്റി പഠിച്ചപ്പോൾ, സ്വാതന്ത്ര്യത്തിന്റെ ഗുണങ്ങളെപ്പറ്റി ഞാൻ കൂടുതൽ ബോധവാനായി. സ്വതന്ത്ര ഇന്ത്യയിലെ ഒരു പൌരനായി ജനിക്കാനിടയായതിൽ ഞാൻ ആശ്വസിച്ചു. സ്വാതന്ത്ര്യദിനം ആഘോഷിക്കാനുള്ള എന്റെ ആവേശം വർദ്ധിച്ചു.
ഞാൻ വളർന്നുകൊണ്ടിരുന്നു.
വളരുന്തോറും ഞാൻ കൂടുതൽ സ്വാതന്ത്ര്യനാകുന്നു എന്ന തോന്നലും കൂടിക്കൊണ്ടിരുന്നു. വളരുന്തോറും "വിലക്ക്"കളും "അരുത്"കളും കൂടിവരികയാണെന്ന വാസ്തവം ഞാൻ ശ്രദ്ധിച്ചില്ല.
വളർന്നുകൊണ്ടിരിക്കുന്ന എന്റെ സ്വാതന്ത്യം കുറഞ്ഞുകൊണ്ടിരിക്കുന്നത് ഞാൻ തിരിച്ചറിഞ്ഞുമില്ല.
കോളേജ് വിദ്യാഭാസം കഴിഞ്ഞ് തൊഴിലില്ലാതെ അലയുന്ന അനേകായിരങ്ങളിലോന്നായി ഞാനും മാറിയപ്പോഴാണ് സ്വാതന്ത്ര ഇന്ത്യയിലെ യഥാർത്ഥ സുഖം ഞാൻ മനസ്സിലാക്കാൻ തുടങ്ങിയത്.
തൊഴിൽ തേടി അറബി നാടുകളിലേക്ക് വിസയ്ക്ക് ശ്രമിക്കാനും അമരിക്കയിലേക്കൊ യൂറോപ്പിലേക്കോ "എൻട്രി കല്യാണ" ത്തിനു ശ്രമിക്കാനും ഒരു സ്വതന്ത്ര ഇന്ത്യാക്കാരനായ എനിക്ക് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരുന്നു.
"കല്ല്യാണ എൻട്രി" എന്റെ സ്വാതന്ത്ര്യം കുറയ്ക്കാനിടയുണ്ടെന്ന ധാരണ മൂലമാകാം, എന്റെ "ഫസ്റ്റ് ചോയ്സ്" അറബി നാട്ടിലേക്ക് വിസ (നോ കല്ല്യാണ എൻട്രി) ആയിരുന്നു.
അറബികളുടെ നാട്ടിൽ എത്തിയപ്പോൾ സ്വതന്ത്ര ഇന്ത്യയിൽ ജനിച്ചതിൽ എനിക്ക് സന്തോഷം തോന്നിയെ-ങ്കിലും അറബികളുടെ മുൻപിൽ സന്തോഷിക്കാൻ ഇന്ത്യൻ സ്വാതന്ത്ര്യം എനിക്ക് ഒട്ടും ഉപകാരപ്പെട്ടില്ല.
വിസയുടെ കാലാവധി തീർത്ത് "നോ എൻട്രി" യിൽ തിരിച്ചുവിട്ടപ്പോഴും അമരിക്കയിലേക്കോ യൂറോപ്പി-ലേക്കോ ഒരു "കല്ല്യാണ എൻട്രി" എന്റെ അജണ്ടയിലുണ്ടായിരുന്നില്ല.
മറ്റൊരു രീതിയിൽ പറഞ്ഞാൽ സ്വതന്ത്ര ഇന്ത്യൻ പൌരന്മാരായിരുന്ന ആയിരങ്ങൾക്ക്, ഇഷ്ടമുള്ളപ്പോൾ ഇഷ്ടപ്രകാരം കല്യാണം കഴിക്കാൻ സ്വാതന്ത്ര്യം ഇല്ലായിരുന്നു.
ഞാൻ കല്യാണം കഴിക്കാതെ യൂറോപ്പിലെത്തി.
എന്നിട്ടും ഞാൻ കല്യാണം കഴിച്ചു.

എനിക്ക് ഭാര്യ ഉണ്ടായി, കുട്ടികളുണ്ടായി.
ഞാൻ കുടുംബനാഥൻ ആയി.
സ്ത്രീ പുരുഷ സമത്വ സങ്കൽപ്പങ്ങൾ മാറുന്നിടത്ത് കുടുംബ സങ്കൽപ്പങ്ങളും മാറുന്നു.
ഇന്ത്യൻ സ്വാതന്ത്ര്യത്തിലെ കുടുംബനാഥനും പശ്ചിമ യൂറോപ്യൻ സ്വാതന്ത്ര്യത്തിലെ കുടുംബനാഥനും വ്യത്യസ്തർ ആണെന്ന് ഞാൻ മനസ്സിലാക്കി.
എനിക്ക് മനസ്സിലായവയിൽ മിക്കതും മനസ്സിലായതായി ഞാൻ പ്രകടിപ്പിച്ചില്ല.
സാംസ്കാരിക ഭൂഖണ്ഡത്തിലെ സാംസ്കാരിക ചിന്തകളും സ്വാതന്ത്ര്യ ചിന്തകളും എന്നെ മോഹിപ്പിച്ചു.
ആരും ആർക്കുവേണ്ടിയും ഒന്നും സഹിക്കാൻ നിർബ്ബന്ധിതമാകാത്ത സ്വാതന്ത്ര്യം.
ആർക്കും ആരെയും ആവശ്യമില്ലാതെ പേടിക്കേണ്ടതില്ലാത്ത സ്വാതന്ത്ര്യം.
ആണിനും പെണ്ണിനും ഏതു സമയത്തും സ്വന്തം ഇണയെ മാറ്റിയെടുക്കാനുള്ള സ്വാതന്ത്ര്യം.
മാറ്റിയെടുക്കലുകളും മാറ്റങ്ങളും ഉണ്ടാക്കുന്ന വിള്ളലുകൾ നികത്താനാവശ്യമായ "പങ്കപ്പാടുകൾ" സഹിക്കാനുള്ള സ്വാതന്ത്ര്യം!
അവസാനകാലത്ത് ആരുമില്ലാതെ, അശരണാലയങ്ങളിൽ അല്ലലുകൂടാതെ കഴിയാനുള്ള സ്വാതന്ത്ര്യം.
പത്തിരുപത്തഞ്ചു വർഷങ്ങൾ സ്വാതന്ത്ര്യവും പങ്കപ്പാടുകളും അനന്തരഫലങ്ങളും കണ്ടു കഴിഞ്ഞപ്പോൾ, സ്വതന്ത്ര ഇന്ത്യയിലെ സ്വാതന്ത്ര്യം എന്താണെന്നും എന്തിനാണെന്നും ഞാൻ ആലോചിച്ചുനോക്കി.
സ്വാതന്ത്ര്യത്തിന്റെ നിർവ്വചനങ്ങളെപ്പറ്റി ഞാൻ ചിന്തിച്ചു തുടങ്ങി.
രാജ്യങ്ങൾ അത് ഭരിക്കുന്നവരുടെതാണ്, അതിൽ വസിക്കുന്നവരുടേതല്ല.
ഭരിക്കുന്നവർ തീരുമാനിക്കുന്നതാണ് സ്വാതന്ത്ര്യം.
അല്ലായിരുന്നെങ്കിൽ. അമേരിക്കയിൽ ആറു മില്ല്യൻ റെഡ് ഇന്ത്യാക്കാർ കൊല്ലപ്പെടുമായിരുന്നില്ല. ജർമ്മനി-യിൽ ആറു മില്ല്യണിലധികം ജൂതന്മാർ ചുട്ടുകരിക്കപ്പെടുമായിരുന്നില്ല. ഇന്ത്യയിൽ കോടികണക്കിനു ആദിവാസികൾ നിഷ്കാസിതരാക്കപ്പെടുമായിരുന്നില്ല. ചൈനയിൽ ആയിരക്കണക്കിനാളുകൾ അപ്രത്യക്ഷരാ മായിരുന്നില്ല. തമിഴ്പുലികൾ ഉണ്ടാകുമായിരുന്നില്ല. ഇസ്രായേൽ യഹൂദന്മാരുടേതുമാത്രമാകുമായിരുന്നില്ല. ..........., പലസ്തീനയിൽ ഇത്രയധികം ബോംബുകൾ വീഴുമായിരുന്നില്ല,......................മായിരുന്നില്ല ,............ മായിരുന്നില്ല,......................,മായിരുന്നില്ല.............................മായിരുന്നില്ല ...........
സ്വാതന്ത്ര്യത്തിന്റെ നിർവ്വചനങ്ങൾ ഞാൻ പുതിയതായി മനസ്സിലാക്കേണ്ടിയിരിക്കുന്നു.................!!
ശരീരത്തിനും മനസ്സിനും ഒരേ സ്വാതന്ത്ര്യമോ, ഒരുപോലെ സ്വാതന്ത്ര്യമോ, ഉണ്ടായിരുക്കില്ല എന്ന സത്യം ഞാൻ തിരിച്ചറിയേണ്ടിയിരിക്കുന്നു. .................!!
ഞാൻ എന്ന സ്വതന്ത്ര ഭാരതീയൻ, സോറി, സ്വതന്ത്ര ഇന്ത്യാക്കാരൻ സ്വതന്ത്രനാണോ എന്ന സംശയം എന്നെ പിടികൂടിത്തുടങ്ങിയിരിക്കുന്നു ......................???
ഇഷ്ടമുള്ളപ്പോൾ മലമൂത്ര വിസർജ്ജനങ്ങൾ നടത്താൻപോലും കഴിയാതെ വളരുന്ന ഞാൻ......??

ആഗസ്റ്റ് 15, ഇന്ത്യാക്കാരന്റെ സ്വാതന്ത്ര്യദിനം !! .

അമ്മയുടെ 89 cm. ചുറ്റളവുള്ള വയറ്റിൽ വെറുമൊരു പാരസൈറ്റായി കിടന്നിട്ട് സ്വതന്ത്ര ഇന്ത്യയിലേക്ക് സ്വതന്ത്രനായി വന്ന ഞാൻ, "201/72/65" cm. അളവിൽ (ശവപ്പെട്ടിയിൽ) പാരലൈസ് ആയി കിടന്ന്, സ്വതന്ത്രനായി പോകുമ്പോഴും. സ്വാതന്ത്ര്യത്തിന്റെ നിർവചനങ്ങൾ പുതിയതായി മനസ്സിലാ ......???

## എല്ലാ ഇന്ത്യാക്കാർക്കും സ്വാതന്ത്ര്യദിനാശംസകൾ!

*************

